

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1928/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1928/25 തീയ്യതി: 17/12/2025

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2024 മുതൽ 16-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുരേശൻ പി വി	ഡെപ്യൂട്ടി ഡയരക്ടർ	17-11-2025	27-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-11-2025	27-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രമേശൻ കരോത്ത്, ഓഡിറ്റ് ഓഫീസർ

ശ്രീമതി.വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. രേഷ്മ പി. ഓഡിറ്റർ

ശ്രീ.വരുൺ ദാസ് വി പി , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പി സി ഗംഗാധരൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. അനിൽ എസ്	സെക്രട്ടറി	01-04-2024	31-01-2025
ശ്രീ.ലതീഷ് ബാബു പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-02-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.ആതിര സി	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	01-04-2024	04-10-2024
ഡോ.ശ്രീജ ചാലി	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	05-10-2024	31-03-2025
ഡോ.ഷൈനി ഭാസ്കർ	മെഡിക്കൽ ഓഫീസർ,ജി എ ഡി	01-04-2024	31-03-2025
ശ്രീമതി. രശ്മി പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി.അനു ആർ	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ.ഷൈമജ ഉത്തമൻ	വെറ്ററിനറി സർജ്ജൻ	01-04-2024	31-03-2025
ശ്രീ.ലതീഷ് ബാബു പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി.ആശാലത പി വി	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	01-04-2024	05-07-2024
ശ്രീമതി.ബിന്ദു ടി	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	06-07-2024	31-03-2025
ശ്രീ.വാസുദേവൻ നമ്പൂതിരി എം പി	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025
ശ്രീമതി. പ്രവീണ എ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. റസീന കെ	വി.ഇ.ഒ, കണ്ടംകുന്ന്	01-04-2024	31-03-2025
ശ്രീമതി.ശീതള കുമാരി കെ	വി.ഇ.ഒ, മാങ്ങാട്ടിടം	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം.	1-1.
2	ഇൻകം ഓവർ എക്സ്പെന്റിച്ചർ - മിച്ചതുക കണക്കാക്കിയതിലെ അപാകം.	1-1-1.
3	അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-1-2.
4	ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും (ബി-4 ഷെഡ്യൂൾ) അവയുടെ ബാങ്ക് നീക്കിയിരിപ്പ് തുകയും (ബി-17 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നില്ല.	1-1-3.
5	കാലഹരണപ്പെട്ട നിക്ഷേപതുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.	1-1-4.
6	അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.	1-1-5.
7	ഭൂമിയുടെ യഥാർത്ഥമൂല്യം ചേർത്തിട്ടില്ല.	1-1-6.
8	ചെലവഴിക്കാതെ അവശേഷിച്ച തുകകൾ തിരിച്ചടച്ചത് അതാത് ഫണ്ടിലേക്ക് ഒടുക്കാതെ ബാധ്യതയായി നിലനിർത്തുന്നു.	1-1-7.
9	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-8.
10	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-9.
11	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-10.
12	രജിസ്റ്ററുകൾ മുഴുവൻ വിവരങ്ങളും ചേർത്ത് കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.	1-1-11.
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം (രസീറ്റ് & പേയ് മെന്റ് പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം.	1-4.
16	പദ്ധതി അവലോകനം	1-5
17	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.	1-6.
18	ക്ഷേമ പെൻഷനുകൾ	1-7
19	ക്യാഷ് ബാലൻസ് പരിശോധന	1-8
20	ആഭ്യന്തര നിയന്ത്രണം	1-9
21	ഗ്രാമസഭ	1-10
22	കമ്മിറ്റികളുടെ പ്രവർത്തനം	1-11
23	കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു- നികുതി നഷ്ടം	1-12
24	തൊഴിൽ നികുതി - പിഴ ഈടാക്കുന്നതിലെ അപാകങ്ങൾ	1-13
25	നികുതി നികുതിയേതരവരവിനങ്ങളുടെ കുടിശ്ശിക -തുടർനടപടികൾ അറിയിക്കേണ്ടതാണ്.	1-14
26	വാടക/ലേലം - ബൈലോ തയ്യാറാക്കിയിട്ടില്ല	1-15
27	പിഗ് & ഡോഗ് ലൈസൻസിൽ ഗണ്യമായ കുറവ്	1-16
28	തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ നിലനിർത്തുന്നു.	1-17
29	പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല.	1-18
30	കുടിവെള്ളക്കരം - രജിസ്റ്റർ, സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല.	1-19
31	വാഹനങ്ങളുടെ ഉപയോഗം-ലോഗ് ബുക്ക് കൃത്യതയോടെ പരിപാലിക്കുന്നില്ല.	1-20
32	100% പിരിവ് കൈവരിച്ചതിന് ജീവനക്കാർക്ക് പാരിതോഷികം - രേഖകൾ ലഭ്യമാക്കിയിട്ടില്ല, ₹97693 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
33	തെരുവ് വിളക്ക് പരിപാലനം-₹497800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
34	മഴക്കാല പൂർവ്വ ശുചീകരണം- മുൻകൂർ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല – ₹1,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-23

35	കൗമാര ക്ലബ്ബിന് കസേരകൾ വാങ്ങി നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല, ₹19,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
36	പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ– മരുന്നുകൾ ലഭ്യമായില്ല - ₹383198യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-25
37	പെയിൻ&പാലിയേറ്റീവ് കെയർ– മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല-₹268319 യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-26
38	വനിതകൾക്ക് കരാട്ടെ പരിശീലനം-മാർഗ്ഗരേഖയിലെ നിബന്ധന ലംഘിച്ച് പദ്ധതി നടപ്പിലാക്കി-26150 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.	1-27
39	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ അധികം തുക അനുവദിച്ചു - അധികം നൽകിയ ₹2700 തടസ്സപ്പെടുത്തുന്നു.	1-28
40	പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹32249/- തടസ്സപ്പെടുത്തുന്നു	1-29
41	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക ₹228250 തടസ്സപ്പെടുത്തുന്നു	1-30
42	ബാല സഭാ പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹19000 തടസ്സപ്പെടുത്തുന്നു.	1-31
43	പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നൽകൽ -രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹20000 തടസ്സപ്പെടുത്തുന്നു.	1-32
44	കേരളോത്സവം - രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുക ₹97090/- തടസ്സപ്പെടുത്തുന്നു	1-33
45	തുടർ സാക്ഷരത - രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 29400 രൂപ തടസ്സപ്പെടുത്തുന്നു.	1-34
46	പത്താമുദയം - രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 23400 രൂപ തടസ്സപ്പെടുത്തുന്നു.	1-35
47	എസ്.ടി. വിഭാഗങ്ങൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 5000 രൂപ തടസ്സപ്പെടുത്തുന്നു.	1-36
48	ഉയരുക നാം - കായിക മേള സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 92800 രൂപ തടസ്സപ്പെടുത്തുന്നു.	1-37
49	ബാല സൗഹൃദ പഞ്ചായത്ത് - കളരി, ഫുട്ബോൾ പരിശീലനം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 184650 രൂപ തടസ്സപ്പെടുത്തുന്നു.	1-38
50	വിവിധ വാർഡുകളിൽ പുതിയ മിനി എം സി എഫ് സ്ഥാപിക്കൽ - സ്റ്റോക്ക് സൂക്ഷിക്കുകയോ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല -ചെലവ് ₹3146511 തടസ്സപ്പെടുത്തുന്നു.	1-39
51	ആസൂത്രണത്തിലെ പിഴവ് - പരിപാലനമില്ലാതെ ബോട്ടിൽ ബൂത്തുകൾ കാട് മൂടി കിടക്കുന്നു - ചെലവ് തുക ₹2044061 തടസ്സപ്പെടുത്തുന്നു.	1-40
52	ടേക്ക് എ ബ്രേക്ക് - പരിപാലനവും കഫെറ്റീരിയ നടത്തിപ്പും - അപാകങ്ങൾ	1-41
53	പൊതു മരാമത്ത് പ്രവൃത്തിയുനായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ	1-42
54	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-43
55	ജൽജീവൻ മിഷൻ പദ്ധതി- അവലോകനം	1-44
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന.	4-1.
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3

4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6.
7	സ്ഥിര നിക്ഷേപം	4-7.
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ:	4-9
10	ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യ പത്രികകൾ	

ഭാഗം –1

പൊതു അവലോകനം

1–1. ഓഡിറ്റ് സാക്ഷ്യപത്രം.

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 10-06-2025 തീയതിയിലെ 161/2025 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി 12-06-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 31-03-2025 ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
17.12.2025.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

1–1–1. ഇൻകം ഓവർ എക്സ്പെന്റിച്ചർ – മിച്ചതുക കണക്കാക്കിയതിലെ അപാകം.

ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുകയായ ₹25417471 യഥാർത്ഥ മിച്ചതുകയായ ₹20309837യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		308364273
ആകെ ചെലവ് (B)		285500619
മിച്ചം തുക C= A-B		22863654

Prior Period Income I-19	22518	
Prior Period Expenditure I-18	2576335	
Net Difference Between Prior Period Income And Expenses I-19-(I-18) (D)		-2553817
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		20309837

എന്നാൽ 2024-25 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-1ഷെഡ്യൂളിൽ (310900101) Excess Of Income Over Expenditure ആയി ക്യാരി ഓവർ ചെയ്തത് യഥാർഥ തുക തന്നെയാണ്.

1-1-2. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങൾക്ക് 2024-25സാമ്പത്തിക വർഷം ഇപ്രകാരം ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല (ഡിമാന്റ് രേഖപ്പെടുത്തിയത് 31-03-2025 തീയതിയിൽ മാത്രം).

1-1-3. ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും (ബി-4 ഷെഡ്യൂൾ) അവയുടെ ബാങ്ക് നീക്കിയിരിപ്പ് തുകയും (ബി-17 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും (ബി-4 ഷെഡ്യൂൾ) അവയുടെ ബാങ്ക് നീക്കിയിരിപ്പ് തുകയും (ബി-17 ഷെഡ്യൂൾ) പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

ഫണ്ടിനം	ബി-4	ബി-17	വ്യത്യാസം
ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	14322493	14388480	65987

1-1-4. കാലഹരണപ്പെട്ട നിക്ഷേപതുകകൾ തനത്ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിനു മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. B-7 ഷെഡ്യൂളിലെ കാലഹരണപ്പെട്ട തുകകൾ ഇപ്രകാരം മുതൽക്കൂട്ടിയിട്ടില്ല.

1-1-5. അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

2024-25 വർഷത്തെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ താഴെപ്പറയുന്ന നിക്ഷേപ തുകകൾ നൽകിയ വർഷം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായതിന്റെയും ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരിച്ചടച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കോഡ്, നിർവ്വഹണ ഏജൻസി	ബി-18 ഷെഡ്യൂൾ പ്രകാരമുള്ള തുക
460100199, Other Advances	197,000
460500201, കേരള വാട്ടർ അതോറിറ്റി	2,70,23,115
460500202, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്	7,231,492
460500205, Deposit With Public Works Department	2,018,628
460500305, Advance To Area Development Society	33,480

മേല്പറഞ്ഞ തുകകൾ മുൻവർഷങ്ങളിൽ നൽകിയ അഡ്വാൻസ് തുകയാണ്. അഡ്വാൻസ് തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

1-1-6. ഭൂമിയുടെ യഥാർത്ഥമൂല്യം ചേർത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

1-1-7. ചെലവഴിക്കാതെ അവശേഷിച്ച തുകകൾ തിരിച്ചടച്ചത് അതാത് ഫണ്ടിലേക്ക് ഒടുക്കാതെ ബാധ്യതയായി നിലനിർത്തുന്നു.

വിവിധ ഏജൻസികൾക്ക് നിക്ഷേപ്രവൃത്തികൾക്ക് നൽകിയതിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ തിരിച്ചടച്ചത് അതാത് ഫണ്ടിലേക്ക് ഒടുക്കാതെ ബാധ്യതയായി നിലനിർത്തുന്നു (B-4 ഷെഡ്യൂളിൽ കോഡ് 320100152, Other Schemes ഇനത്തിൽ ചേർത്ത ₹511,331).

1-1-8. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase /(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-1768552 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹21770620 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽപ്പറഞ്ഞ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-9. അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(1) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

(2) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ട പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F) വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(3) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 (E) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തിവിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-11. രജിസ്റ്ററുകൾ മുഴുവൻ വിവരങ്ങളും ചേർത്ത് കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അഡ്വാൻസ് രജിസ്റ്റർ, കേന്ദ്ര സംസ്ഥാന സർക്കാരുകളിലെയും മറ്റ് ഏജൻസികളിലെയും ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനായുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ മുഴുവൻ വിവരങ്ങളും ചേർത്ത് സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 12.02.2024 ലെ 39/2024 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 24.02.2025 ലെ 168/2025നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	30686313.00	51683378.00
വരവ്	288975000.00	249904600.00
ആകെ	319661313.00	301587978.00
ചെലവ്	284149800.00	247466250.00
നീക്കിയിരിപ്പ്	35511513.00	54121728.00

1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പേയ് മെന്റ് പ്രകാരം)

മുന്നിരിപ്പ്	75593773.00
വരവ്	82244682.00
ആകെ	157838455.00
ചെലവ്	84013234.00
നീക്കിയിരിപ്പ്	73825221.00
വരവ് നഷ്ടം	ഇല്ല
ചെലവ് നഷ്ടം	ഇല്ല
തടസ്സപ്പെടുത്തിയ തുക	7407871.00

1-4. ഫണ്ട് വിനിയോഗം.

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് ജനറൽ	0	30653000	30653000	30653000	0
വികസന ഫണ്ട് എസ് സി പി	0	1247129	1247129	1247129	0
മെയിന്റനൻസ് ഫണ്ട് -റോഡ്	0	28716000	28716000	20685797	8030203
മെയിന്റനൻസ് ഫണ്ട് - റോഡിതരം	0	4007000	4007000	3628091	378909
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	5043194	11168000	16211194	5687232	10523962
CFC Carry Over വിഹിതം ട്രഷറിയിൽ നേരിട്ട് വന്നത്	0	218142	218142	0	218142
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്	2357155	5502513	7859668	4061137	3798531

ഹെൽത്ത് ഗ്രാന്റ് -രോഗ നിർണ്ണയ സൗകര്യം	1051448	485588	1537036	1082460	454576
ഹെൽത്ത് ഗ്രാന്റ് -ഹെൽത്ത് & വെൽനസ് സെന്റർ	705201	731679	1436880	1073939	362941
സാക്ഷരത	1753	71	1824	0	1824
ടി എസ് സി	218170	0	218170	0	218170
ഐ.സി.ഡി.എസ്	2278682	2962481	5241163	1929896	3311267
സ്വച്ഛ് ഭാരത് അഭിയാൻ	0	1205000	1205000	1205000	0
റൂറൽ ഹൗസിംഗ്	0	8510000	8510000	7770000	740000
പൈക്ക	851	0	851	0	851
MPLADS	7155	196	7351	7351	0
അവാർഡ്	400000	0	400000	0	400000
മറ്റു സ്കീമുകൾ	511331	0	511331	0	511331
പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മറ്റ് സർക്കാർ ഏജൻസി	1560885	918900	2479785	0	2479785
Other Liabilities	0	17886	17886	17886	0
ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ	2290000	621273	2911273	2290000	621273
മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട്	6611450	0	6611450	5190572	1420878
സംയുക്ത പ്രൊജക്ട് – ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ)	864074	160000	1024074	320000	704074
സംയുക്ത പ്രൊജക്ട് – ജില്ലാ പഞ്ചായത്ത് (റവന്യൂ)	119392	0	119392	0	119392
Donation To CMDRF	0	82021	82021	81521	500

1–5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
334	197855723	210	115356585	21	124	189	56.58

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	14	13	5828619	5658904	97.08
വെറ്ററനറി സർജ്ജൻ	8	8	1717994	1711735	99.63
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	27	25	8891087	7140018	80.30
മെഡിക്കൽ ഓഫീസർ ആയുർവേദം	1	1	500000	500000	100

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	30	21	58045176	33069734	56.97
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	16	13	8199887	6983546	85.16
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	2700000.00	1822581.00	67.50
സെക്രട്ടറി	45	21	16106828.00	6806201.00	42.25
ഹെഡ് മാസ്റ്റർ	8	8	889400.00	781380.00	87.85
അസിസ്റ്റന്റ് എഞ്ചിനീയർ	168	90	91410796.00	48368435.00	52.91
അസിസ്റ്റന്റ് സെക്രട്ടറി	15	8	3565936.00	2514051.00	70.50
ആകെ	334	210	197855723.00	115356585.00	58.30

ജി.ഒ. പ്രോജക്ട് പ്രകാരം സ്രോതസ്സിൽ നിന്ന് കുറവ് വരുത്തിയ തുകകൾ അടങ്കലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ തുകകൾ കൂടി ഉൾപ്പെടുത്തിയാണ് ആകെ അടങ്കലും ചെലവും കാണിച്ചിട്ടുള്ളത്.

1–6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	7026	1343796	1350822	1350724	98
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	49330445	49330445	49330445	0
ആകെ	7026	50674241	50681267	50681169	98

1–7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1,29,18,800	577
വിധവ പെൻഷൻ	3,20,48,500	1678
വാർദ്ധക്യകാല പെൻഷൻ	5,76,06,800	2889
ഭിന്നശേഷി പെൻഷൻ	1,01,57,700	459
50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	69,25,200	326
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	3,00,000	10

1–8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2025 തീയ്യതിയിൽ 03.10 Pm ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ നീക്കിയിരിപ്പ് തുകയായ ₹47,076 യുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1–9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ജീവനക്കാരുടെ ജോലികൾ സംബന്ധിച്ച ഓഫീസ് ഉത്തരവുകൾ അതത് സമയം നൽകുന്നുണ്ട്. പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ കൃത്യമായി ചേരുകയും ഓഫീസ് പ്രവർത്തനം കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. യോഗങ്ങളിൽ പൊതുവായ ഓഫീസ് പ്രവർത്തനം, കാലതാമസമുള്ള ഫയലുകൾ തീർപ്പാക്കൽ, നികുതി പിരിവ് എന്നീ വിഷയങ്ങൾ ചർച്ചചെയ്തിട്ടുണ്ട്.

ഭരണസമിതി മിനുട്സ് തയ്യാറാക്കി അംഗീകാരത്തിന് അയക്കുന്നതിന് മാസങ്ങളുടെ കാലതാമസം: – പഞ്ചായത്ത് ഭരണ സമിതി കൃത്യമായി യോഗം ചേരുന്നുണ്ടെങ്കിലും മിനുട്സ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമ ചട്ടങ്ങളിലെ ചട്ടം 26(8) പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ചട്ടം 28 (9) പ്രകാരം സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും 28(10) പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനുട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ്

വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. നിലവിൽ സകർമ്മ സോഫ്റ്റ്വെയർ പ്രകാരമാണ് മിനുട്സ് തയ്യാറാക്കുന്നത് എന്നാൽ യോഗനടപടികൾ കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞ് മാത്രമേ മിനുട്സ് അദ്ധ്യക്ഷന് അയച്ച് അംഗീകാരം വാങ്ങുന്നുള്ളൂ. ഉദാഹരണം ചുവടെ കൊടുക്കുന്നു.

1.പഞ്ചായത്ത് ഭരണ സമിതി

മീറ്റിംഗ് തീയതി	മിനുട്സ് അംഗീകാരത്തിന് അയച്ച് അംഗീകാരം നേടിയ തീയതി
03.04.2024	14.05.2024
14.05.2024	27.07.2024
18.07.2024	03.10.2024
19.08.2024	09.12.2024
17.12.2024	05.02.2025
24.02.2025	08.07.2025

2.സ്റ്റാന്റിംഗ് കമ്മിറ്റി

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര്	മീറ്റിംഗ് തീയതി	മിനുട്സ് അംഗീകാരത്തിന് അയച്ച് അംഗീകാരം നേടിയ തീയതി
ധനകാര്യം	08.01.2025	12.02.2025
ക്ഷേമം	21.01.2025	22.01.2025/ 06.02.2025
ആരോഗ്യം	23.01.2025	31.01.2025
വികസനം	20.01.2025	31.01.2025
ധനകാര്യം	04.03.2025	09.06.2025
ക്ഷേമം	05.03.2025	07.07.2025
ആരോഗ്യം	25.03.2025	31.10.2025
വികസനം	04.03.2025	20.07.2025

1–10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ (2024-25 വർഷം) ആകെയുള്ള 19 വാർഡുകളിലും 2024 ജൂലൈ, 2025 ജനുവരി മാസങ്ങളിൽ രണ്ട് തവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2024 ജൂലൈ മാസം ചേർന്ന ഗ്രാമസഭകളിൽ 2024-25 വർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ,വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, മാലിന്യ മുക്ത കേരളം , വ്യക്തിഗത ശൗചാലയങ്ങൾ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ എന്നിവയും 2025 ജനുവരിയിൽ ചേർന്ന ഗ്രാമസഭയിൽ 2025-26 വർഷ പദ്ധതി രൂപീകരണം, മാലിന്യ മുക്ത കേരളം, മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് 2025-26 വർഷത്തെ ലേബർബഡ്ജറ്റ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2025-26 വാർഷിക പദ്ധതി - അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് സാധുകരിക്കൽ എന്നീ അജണ്ടകൾ ഉൾപ്പെടുത്തുകയും ചർച്ച ചെയ്ത് തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നിയമാനുസൃത ഗ്രാമസഭകൾക്ക് പുറമെ 2025-26 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2025 ജനുവരി മാസം ബാലസൗഹൃദ ഗ്രാമസഭ, വനിതഗ്രാമസഭ, ഭിന്നശേഷി ഗ്രാമസഭ, പട്ടിക ജാതി ഗ്രാമസഭ എന്നിവയും പട്ടിക വർഗ്ഗ ഊരുകൂട്ടയോഗങ്ങളും നടന്നിട്ടുണ്ട്.

1–11 കമ്മിറ്റികളുടെ പ്രവർത്തനം

2024-25 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള ആസൂത്രണ സമിതി യോഗം 27.11.20203 നും വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം 30.11.2023 നും വികസന സെമിനാർ 06.01.2024 നും ചേർന്നിട്ടുണ്ട്. 2024-25 കാലയളവിൽ 2025-26 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ആസൂത്രണസമിതി 20.12.2024 നും വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം 27.12.2024 നും വികസന സെമിനാർ ചേർന്നിട്ടുണ്ടെങ്കിലും തീയതി ചേർത്തിട്ടില്ല.

2024-25 വർഷം വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2024 ഡിസംബർ മാസം രണ്ടു പ്രാവശ്യവും 2025ജനുവരി മാസം രണ്ട് പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ വിശദമായ മോണിറ്ററിംഗ്

നടത്തുകയോ ചെയ്ത വിവരം മിനുട്സിൽ ഇല്ല. ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് പൂരിപ്പിച്ച് ചെയർമാനും കൺവീനറും ഒപ്പിട്ട് വെക്കുക മാത്രമാണ് ചെയ്യുന്നത്. മോണിറ്ററിംഗ് ശക്തിപ്പെടുത്തേണ്ടതാണ്.

1–12 കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു– നികുതി നഷ്ടം

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.23 പ്രകാരം വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിൽ 2023-24 വർഷം മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണയത്തിന് ബാധകമാകേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി സർക്കാർ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23, എസ്.ആർ.ഒ നമ്പർ 479/2023 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾക്കുള്ള കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ)	ഏറ്റവും കൂടിയ നിരക്ക് (രൂപ)
1	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ	6	10
2	പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ	8	12

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് 19.7.2023 തീയതിയിലെ 401076/PTDCO 1/ GPO/2023/4995 പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപന പ്രകാരം(ഭരണ സമിതി തീരുമാനം നമ്പർ 224/2023/ 03.07.2023) മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2, എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6, 9, എന്നിങ്ങനെയാണ്. ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ പുതിയ കെട്ടിട രജിസ്റ്ററും (സഞ്ചയയിൽ നിന്നുള്ളത്) സഞ്ചയ സോഫ്റ്റ് വെയറിലെ ഫാറം 6 ഉൾപ്പെടെയുള്ള അസസ്മെന്റ് വിവരങ്ങളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ ഉപവിഭാഗ ക്രമങ്ങൾ സഞ്ചയ പോർട്ടലിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു

കെട്ടിട ഉടമസ്ഥന്റെ പേര്	കെട്ടിട നമ്പർ	കെട്ടിട വിസ്തീർണം ച.മീ	സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം	സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം	ഈടാക്കേണ്ട വസ്തു നികുതി നിരക്ക് ₹	സഞ്ചയ പ്രകാരം ഈടാക്കിയ വസ്തു നികുതി നിരക്ക് ₹
രൂപേഷ് രവീന്ദ്രൻ	IV/78/B	G.F 209.67 F.F 139.57 S.F 14.11 ആകെ-363.35	പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക്	പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക്	₹9	₹6
നൗഫൽ കോൾക്കി പുത്തൻപുരയിൽ ജസ്റ്റീന പി കെ	IX/490/A	G F 235.95 FF 205.59 ആകെ-441.54				

			വാടകയ്ക്ക്	വാടകയ്ക്ക്
കുനിയിൽ റഷീദ്	II/314/A	G F 190.17 FF 174.38 ആകെ-364.55	നൽകുന്നത്) 300ച മീറ്റർ വരെ ഉള്ളവ	നൽകുന്നത്) 300ച മീറ്ററിന് മുകളിൽ ഉള്ളവ

കെട്ടിടത്തിന്റെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(38/24.11.2025) കെട്ടിടങ്ങളുടെ ഉപവിഭാഗക്രമങ്ങൾ സഞ്ചയ പോർട്ടലിൽ തെറ്റായി രേഖപ്പെടുത്തിയത് പരിശോധിച്ച് നികുതി അസസ് ചെയ്ത് കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

1-13 തൊഴിൽ നികുതി – പിഴ ഈടാക്കുന്നതിലെ അപാകങ്ങൾ

തൊഴിൽ നികുതി വൈകി അടവാക്കുന്നതിനു പിഴ ഈടാക്കുന്നതിനെ സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ നമ്പർ 51457/എൻ.1/ത.ഭ.വ. തീയതി:24.08.2000 പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി നൽകേണ്ടതായ തീയതിയിൽ ഡിമാൻഡ് തുക നൽകുന്നതിൽ വീഴ്ച്ച വരുത്തുന്ന തൊഴിലുടമ / ഓഫീസ് മേധാവി സെപ്റ്റംബർ 1-ആം തീയതി മുതലുള്ള പിഴപ്പലിശ നൽകേണ്ടതാണ്. ഇതിനു പുറമെ സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ.എൽ.ജി.എം.എസ് എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ കണക്കാക്കിയതിൽ അപാകങ്ങളുണ്ട്. സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

1) വില്ലേജ് ഓഫീസ് കണ്ടംകുന്ന്, മാങ്ങാട്ടിടം എന്നിവിടങ്ങളിലെ 2 അർദ്ധവർഷത്തെയും തൊഴിൽ നികുതി ഒടുക്കിയിരിക്കുന്നത് 31 മാർച്ച് 2025 ന്, റസീപ്റ്റ് നമ്പർ 1240000455-ൽ 12,500 രൂപയും, റസീപ്റ്റ് നമ്പർ 1240000461-ൽ 12,250 രൂപയും ആണ്. രജിസ്റ്റർ പ്രകാരം 2 അർദ്ധവർഷത്തെയും തൊഴിൽ നികുതി ചേർത്ത് ഓരോ സ്ഥാപനങ്ങളിൽ നിന്നും 12500 രൂപയാണ് ഈടാക്കേണ്ടത്. 250 രൂപ കുറച്ച് ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല. കൂടാതെ വൈകി അടവാക്കിയത്തിന്റെ പിഴയും ഈടാക്കിയിട്ടില്ല. (പിഴ തുക = 6250*0.02*7=875, രണ്ട് സ്ഥാപനങ്ങളിൽ നിന്നുമായി = 1750 രൂപ)

2) കുറുമ്പക്കൽ മാപ്പിള എൽ.പി.എസ്. ആദ്യപകുതിയിലെ തൊഴിൽ നികുതിയായ 8750 രൂപ അടവാക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല. ലെഡ്ജർ പരിശോധിച്ചതിൽ 31-03-2025-ന് രസീത് നമ്പർ 1240000457 പ്രകാരം 8,750 രൂപ അടവാക്കിയിട്ടുണ്ട്. വൈകി അടച്ചതിനു പിഴ (8750*0.02*7=1225 രൂപ) ഈടാക്കിയിട്ടില്ല.

3) മാങ്ങാട്ടിടം പി.എച്ച്.സി. യിലെ ജീവനക്കാരായ രസ്ന കെ.കെ. (ജെ.പി.എച്ച്.എൻ. - 1250), ഹരീഷ് കുമാർ പി (എച്ച്.ഐ. - 1250), പ്രകാശൻ.എ. (സീനിയർ ക്ലാർക്ക് - 1250) എന്നിവരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേൺ ഫോം മെഡിക്കൽ ഓഫീസർ സമർപ്പിച്ചിട്ടുണ്ടെങ്കിലും, ഇവരുടെ ആകെ തൊഴിൽ നികുതിയായ 3750 രൂപ തനത് ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല. പ്രസ്തുത തുക അടച്ചതിന്റെ വിവരങ്ങൾ തൊഴിൽ നികുതി ലഡ്ജറിലും രേഖപ്പെടുത്തിയിട്ടില്ലെന്നിരിക്കെ 100 ശതമാനം നികുതി കൈവരിച്ചതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡിമാന്റ് ചെയ്ത തുക ഈടാക്കാത്ത പക്ഷം 100 ശതമാനം നികുതി പിരിവിനെ സാധിക്കുമെന്നുള്ളതിനാൽ ഇത് സംബന്ധിച്ച് പരിശോധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതായുണ്ട്.

4) നീർവേലി എൽ.പി.എസ്. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5) ബി.എസ്.എൻ.എൽ ജീവനക്കാരന്റെ ആദ്യ പകുതിയിലെ തൊഴിൽ നികുതി ഒടുക്കിയിരിക്കുന്നത് 19.12.2024 തീയതി രസീത് നമ്പർ 1240104962 പ്രകാരം 1250രൂപയാണ്. എന്നാൽ വൈകി അടവാക്കിയതിനു പിഴ (1250*0.02*4=100 രൂപ) ഈടാക്കിയിട്ടില്ല.

6) നിർമ്മലഗിരി കോളേജ് ജീവനക്കാരായ 55 പേരുടെ ആദ്യ പകുതിയിലെ തൊഴിൽ നികുതി 30.08.2024 ഒടുക്കിയിട്ടുണ്ട്. ബാക്കി 25 പേരുടെ തൊഴിൽ നികുതി 16,800 രൂപ അടവാക്കിയത് 24.03.2025 തീയതിയാണ് (രസീത് നമ്പർ 1240107687). വൈകി അടവാക്കിയതിനു പിഴയായി 2352 രൂപ (16800*0.02*7=2352) ഈടാക്കേണ്ടിയിടത്ത് 1680 രൂപ ഈടാക്കിയിട്ടുണ്ട്. കുറവ് വന്ന തുക 672 രൂപ.

7) ദേശബന്ധു ഇംഗ്ലീഷ് മീഡിയം സ്കൂൾ, മാങ്ങാട്ടിടം എന്ന സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി

ഒടുക്കിയിട്ടില്ല. ഈ സ്ഥാപനത്തിൽ നിന്നും സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ റിട്ടേൺ ഫോം ലഭ്യമാക്കിയിട്ടില്ല. ഇതിനു പുറമെ പിഴ ഇനത്തിൽ ഈടാക്കിയ തുക കുറവ് വന്നതിന്റെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം	ആദ്യ അർദ്ധ വർഷത്തെ തൊഴിൽ നികുതി	ഒന്നാം അർദ്ധവർഷം അടവാക്കിയ തുക, രസീത് നമ്പർ/ തീയതി (പിഴ തുക ചേർത്ത് അടവാക്കിയത്)	ഈടാക്കിയ പിഴ	പിഴയിനത്തിൽ ഈടാക്കേണ്ട തുക	കുറവു വന്ന തുക
8	കൈതേരി ക്ഷീരോത്പാദക സഹകരണ സംഘം (ജീവനക്കാർ)	1050	1100, 1240107866 / 28.03.2025	50	147	97
9	ശങ്കരനല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം	3500	3710, 1240105238 / 27.12.2024	210	280	70
10	കസാമിയ റെസ്റ്റോറന്റ്	480	480, 1240107426 / 13.03.2025	-	67	67
11	മാങ്ങാട്ടിടം ലേബർ കോൺട്രാക്ടേർസ് കോ.ഓപ് സൊസൈറ്റി (ജീവനക്കാർ)	4640	4810, 1240107917 / 29.03.2025	170	650	480
12	മാങ്ങാട്ടിടം ലേബർ കോൺട്രാക്ടേർസ് കോ.ഓപ് സൊസൈറ്റി (സ്ഥാപന നികുതി)	1250	1313, 1240107918 / 29.03.2025	63	175	112
13	പയനീർ ലാറ്റക്സ് ഇൻഡസ്ട്രീസ് (ജീവനക്കാർ)	3000	3060, 1240105260 / 27.12.2024	60	240	180
14	പയനീർ ലാറ്റക്സ് ഇൻഡസ്ട്രീസ് (സ്ഥാപന നികുതി)	1250	1250, 1240105259 / 27.12.2024	-	100	100
15	കുത്തുപറമ്പ് ബ്ലോക്ക് കാർഷിക സഹകരണ സംഘം (ജീവനക്കാർ)	3250	3419, 1240107024 / 28.02.2025	169	390	221
16	കുത്തുപറമ്പ് ബ്ലോക്ക് കാർഷിക സഹകരണ സംഘം (സ്ഥാപന നികുതി)	1250	1315, 1240107025 / 28.02.2025	65	150	85
17	കരിയിൽ കള്ള് ഷാപ്പ് നം.5	1280	1344, 1240107985 / 30.03.2025	64	179	115
18	കൈതച്ചാൽ കള്ള് ഷാപ്പ്	1280	1344, 1240107981 / 30.03.2025	64	179	115
19	മൂന്നാംപീടിക കള്ള് ഷാപ്പ് നം.7	1280	1344, 1240107983 / 30.03.2025	64	179	115
20	വട്ടിപ്രം കള്ള് ഷാപ്പ്	960	1008,	48	134	86

	നം.37		1240107982 / 30.03.2025			
21	ഹോണസ്റ്റ് ഫ്യൂവൽസ് നയാര പെട്രോൾ പമ്പ് (ജീവനക്കാർ)	720	755, 1240107845 / 28.03.2025	35	101	66
22	ഹോണസ്റ്റ് ഫ്യൂവൽസ് നയാര പെട്രോൾ പമ്പ് (സ്ഥാപന നികുതി)	1250	1325, 1240107846 / 28.03.2025	75	175	100
23	പി.കെ. ഫ്യൂവൽസ് കണ്ടംകുന്ന് (സ്ഥാപന നികുതി)	1250	1313, 1240106728 / 18.02.2025	63	150	87
24	കൈതേരി ക്ഷീരോത്പാദക സഹകരണ സംഘം (സ്ഥാപന നികുതി)	1250	1325, 1240107867 / 28.03.2025	75	175	100

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/19.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാനുള്ളവരിൽ നിന്നും ഈടാക്കേണ്ടതും, പിഴ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1–14 നികുതി നികുതിയേതരവരവിനങ്ങളുടെ കുടിശ്ശിക –തുടർനടപടികൾ അറിയിക്കേണ്ടതാണ്.

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി, വാടക വരവ് എന്നീ ഇനങ്ങളിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

ക്രമ നമ്പർ	വസ്തുനികുതി, വാടക	തൻവർഷം (BT+LC)	കുടിശ്ശിക (BT+LC)
1	റസിഡൻഷ്യൽ ബിൽഡിംഗ്സ്	₹437	₹416
2	നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ്	₹9786	₹ 10278
3	വാടക	₹32000	-

നിലവിൽ ഈടാക്കിയിട്ടുള്ള / ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/24.11.2025) പഞ്ചായത്തിലെ 2024-25 വർഷം 16/414 A, 6/53 2023-24,24-25 വർഷങ്ങളിലെ വസ്തു നികുതി അടവാക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും കോടതി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1–15 വാടക/ലേലം – ബൈലോ തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 256 പ്രകാരം ഈ നിയമത്തിലെയും, മറ്റേതെങ്കിലും നിയമത്തിലെയും വ്യവസ്ഥകൾക്കും, ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടു കൂടി ബൈലോ ഉണ്ടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, മുറികളും വാടകയ്ക്ക് നൽകുന്നതിനായി ബൈലോ തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20.11.2025), ബൈലോ തയ്യാറാക്കിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്. വാടകക്കാരുമായി കരാർ വെക്കുന്നുണ്ടെന്നും, ആയത് പ്രകാരമാണ് വാടക സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. വാടക വ്യവസ്ഥകൾ കരാറിൽ മാത്രമായി എഴുതി വെക്കുന്നത് തയ്യാറാക്കുന്ന കരാറുകളിൽ ഏകീകൃതമായ സ്വഭാവം ഇല്ലായ്മയ്ക്ക് ഇടയാക്കും. ഇത് പരാതികളിലേക്കും സങ്കീർണതകളിലേക്കും നയിക്കും. ആയതിനാൽ തന്നെ പഞ്ചായത്തിന്റെ തനത വരുമാന സമാഹരണത്തിലും തുടർനടപടികളിലും നിയമസാധുത ഉറപ്പാക്കാൻ ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

1–16 പിഗ് & ഡോഗ് ലൈസൻസിൽ ഗണ്യമായ കുറവ്

ഹാജരാക്കിയ പിഗ് & ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 കാലയളവിൽ 156 വളർത്തുനായകൾക്കും, 2023-24 കാലയളവിൽ 64 വളർത്തുനായകൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്. 2024-25 കാലയളവിൽ ഇത് കുറഞ്ഞ് 48 ലൈസൻസുകൾ ആയി ചുരുങ്ങി. എന്നാൽ 2024-25 കാലയളവിൽ 150-ൽ അധികം വളർത്തുനായകൾക്ക് മാങ്ങാട്ടിടം വെറ്റിനറി ഡിസ്പെൻസറി സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പിൽ നിന്നും കുത്തിവെപ്പ് എടുത്തിട്ടുണ്ട്. ഇത്രയും വളർത്തുനായകൾക്ക് കുത്തിവെപ്പ് നൽകിയിട്ടും വെറും 48 നായകൾക്ക് മാത്രമാണ് പിഗ് & ഡോഗ് ലൈസൻസ് എടുത്തതായി കാണുന്നത്. അപേക്ഷകളിൽ ഇങ്ങനെ ഗണ്യമായ കുറവ് വന്നത് പരിശോധിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/22.11.2025) മറുപടിയായി ലൈസൻസിനായി 48 അപേക്ഷകൾ മാത്രമേ വന്നിട്ടുള്ളൂ എന്നും, ലഭിച്ചിരിക്കുന്ന അപേക്ഷകൾക്കെല്ലാം ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വളർത്തുനായകളെ ആളുകൾ തെരുവുകളിൽ ഉപേക്ഷിക്കുന്നില്ല എന്നുറപ്പാക്കാനും, അവയെ കണ്ടെത്തി സംരക്ഷിക്കാനും, റാബീസ് ഭീതി അകറ്റാനും, പൊതു സുരക്ഷയ്ക്കും, ദുരന്ത വേളകളിൽ നായകളുടെ സംരക്ഷണത്തിനും ഒക്കെ ലൈസൻസ് എടുക്കുന്നത് ഉപകാരപ്രദമാണ്. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവാന്മാരാക്കി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വളർത്തു നായകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-17 തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ നിലനിർത്തുന്നു.

ഗ്രാമപഞ്ചായത്തിലെ എസ് ബി ഐ ഇ-പേയ്മെന്റ് അക്കൗണ്ട് (അക്കൗണ്ട് നമ്പർ -37079800219), എസ് ബി ഐ UPI Payment അക്കൗണ്ട് (അക്കൗണ്ട് നമ്പർ -42187272537) എന്നിവ കറന്റ് അക്കൗണ്ടുകളാണ്. പ്രസ്തുത അക്കൗണ്ടുകളിൽ 31-03-2025 ന് യഥാക്രമം ₹4632250, ₹1637107 യും 20-11-2025 ന് യഥാക്രമം ₹7671730, ₹2423805 യും നീക്കിയിരിപ്പുണ്ട്. കറന്റ് അക്കൗണ്ടിൽ വരുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനം ഗ്രാമ പഞ്ചായത്തിന് നഷ്ടമാവുന്നത് ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/24-11-2025) മേല്പറഞ്ഞ രണ്ട് കറന്റ് അക്കൗണ്ടുകളിലെയും നീക്കിയിരിപ്പ് തുകകൾ യഥാസമയം എസ്ബി അക്കൗണ്ടിലേക്ക് മാറുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിക്കുന്ന മാങ്ങാട്ടിടം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 98) 31-03-2025 ന് ₹52245032 യും 24-11-2025 ന് ₹52117241 യും നീക്കിയിരിപ്പുണ്ട്. പഞ്ചായത്തിന്റെ ദൈനംദിന ആവശ്യം കഴിഞ്ഞുള്ള മിച്ചഫണ്ട് 1996 -ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം നിക്ഷേപം നടത്താത്തത് ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/24-11-2025) മിച്ചം വരുന്ന തുക ഭരണസമിതി തീരുമാനപ്രകാരം നിക്ഷേപം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല.

2012-ലെ പി.ഡബ്ല്യു.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, പി എ സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ആദ്യ തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടി വരുന്ന പക്ഷം 2% നിരക്കിൽ പിഴ ഈടാക്കണം. എന്നാൽ ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി പൂർത്തീകരണകാലാവധി ആ പ്രവൃത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതിയിൽ അധികരിക്കുവാൻ പാടുള്ളതല്ല. നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ പകുതിയിലധികം ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകരുതെന്നും പ്രത്യേക കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈടാക്കേണ്ട പിഴ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

Fines For Extension Of Time

Period	Rate Of Fine
First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less)	1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000
Beyond First Extension	2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

1.പ്രോജക്ട് നമ്പർ/പേര് : 240/25- അയ്യപ്പൻതോട് അംഗൻവാടി പുതിയ കിണർ നിർമ്മാണം

അടങ്കൽ തുക	₹555521.00 (ധനകാര്യ കമ്മീഷൻ - ടൈഡ് ഫണ്ട്)
പി എ സി തുക	₹470780.00
ചെലവ് തുക	₹321223.00 (ബിൽ .100/ 01.08.2024) ₹222290.00 (ബിൽ നം.216/18.11.2024)
കരാറുകാരന്റെ പേര്	ശ്രീ. സി.സുരേന്ദ്ര ബാബു
കരാർ നമ്പർ, തീയതി.	12/2023-24/AE/LID & EW/KDLY/MGPdtd. 09.11.2023
പൂർത്തീകരണ കാലാവധി	8മാസം
സൈറ്റ് കൈമാറിയ തീയതി	03.11.2023
കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി	09.07.2024
പ്രവൃത്തി പൂർത്തീകരിച്ച തീയതി	02.11.2024
പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധികം എടുത്ത സമയത്തിന്റെ വിവരം	3 മാസം 27 ദിസവം
ഈടാക്കേണ്ട പിഴ (3%)	₹14123.00

മേൽ പ്രവൃത്തിയുടെ കാലാവധി പഞ്ചായത്ത് ഭരണ നസമിതിയുടെ 05.11.2024 ലെ 290/24(6) നമ്പർ തീരുമാനപ്രകാരം 07.11 2024 വരെ നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കണ്ടതില്ല എന്ന് ഭരണ സമിതി തീരുമാനിച്ചിട്ടില്ല.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/22.11.2025) നൽകിയ മറുപടിയിൽ പിഴ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-19 കുടിവെള്ളക്കരം - രജിസ്റ്റർ, സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ 66പൊതുടാപ്പുകളുടെ കുടിവെള്ളക്കരമിനത്തിൽ പ്രതിമാസം ₹80075 നിരക്കിൽ 2024-25 വർഷം ആകെ ₹960900 കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	മാസം	വൗച്ചർ നമ്പർ/തീയതി	തുക
1	4/2024	22400034/8-4-24	80075
2	5/2024	22400111/7-5-24	80075
3	6/2024	22400221/18-6-24	80075
4	7/2024	22400301/10-7-24	80075
5	8/2024	22400415/13-8-24	80075
6	9/2024	22400654/23-9-24	80075
7	10/2024	22400818/15-10-24	80075
8	11/2024	22401062/23-11-24	80075
9	12/2024	22401212/20-12-24	80075
10	1/2025	22401351/18-1-25	80075
11	2/2025	22401582/28-2-25	80075
12	3/2025	22401736/15-3-25	80075
	ആകെ		960900

പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ,

ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 100% ഗാർഹിക കണക്ഷൻ ലക്ഷ്യം കൈവരിച്ചതിന്റെ വിവരങ്ങൾ, പ്രവർത്തനക്ഷമമായ ടാപ്പുകൾ കണ്ടെത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/26-11-2025) ഗ്രാമ പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി പൂർത്തിയായിട്ടില്ലെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് 66 പൊതുടാപ്പുകളും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ സംയുക്തപരിശോധന നടത്തിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.
ജലജീവൻ മിഷൻ പദ്ധതി എന്ന് പൂർത്തിയാകുമെന്ന് വ്യക്തതയില്ലാത്ത സാഹചര്യത്തിൽ പ്രവർത്തനക്ഷമമല്ലാത്ത കുടിവെള്ള ടാപ്പുകൾക്ക് കരം ഒടുക്കുന്നില്ല എന്നറിപ്പുവരുത്തേണ്ടതും കുടിവെള്ളടാപ്പുകൾ സംബന്ധിച്ച വിവരങ്ങൽ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

1-20 വാഹനങ്ങളുടെ ഉപയോഗം-ലോഗ് ബുക്ക് കൃത്യതയോടെ പരിപാലിക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥതയിൽ KL 58 S 3376 പ്രസിഡന്റിന്റെ വാഹനം, KL 58 E 1632 ബഡ്സ് സ്കൂൾ വാഹനം, KL 58 AA 597 ആംബുലൻസ്, KL 58 AA 2169 Tata Pickup ഹരിതകർമ്മസേന വാഹനം എന്നിങ്ങനെ 4 വാഹനങ്ങളുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സ.ഉ.(എം.എസ്) നം.170/07/ത.സ്വ.ഭ.വ തി.30.6.2007 പ്രകാരം പൊതുമാർഗ്ഗരേഖ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വാഹനങ്ങളുടെ ലോഗ് ബുക്ക്, ഇന്ധന ഉപഭോഗം എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. എന്നാൽ നാല് വാഹനങ്ങളുടെയും ഇന്ധനക്ഷമതാ പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റുകൾ ലോഗ് ബുക്കിൽ പതിക്കുകയോ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2) ലോഗ്ബുക്കുകളിൽ രേഖപ്പെടുത്തിയ ഭൂരിഭാഗം യാത്രകളും വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥനും കസ്റ്റോഡിയൻ ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ഓരോ മാസാവസാനവും ലോഗ്ബുക്കുകളിൽ സംക്ഷിപ്തം തയ്യാറാക്കി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല (പ്രസിഡണ്ടിന്റെ വാഹനത്തിൽ സംക്ഷിപ്തം എഴുതിയിട്ടുണ്ടെങ്കിലും കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല).

4) ഓരോ തവണയും വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പൂർണ്ണശേഷിയുടെ അളവും ഇന്ധനം നിറക്കേണ്ടതും നിറയ്ക്കുന്നതിയ്യതി, ഇന്ധനത്തിന്റെ ആകെ അളവ്, ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറക്കുമ്പോഴുള്ള കിലോമീറ്റർ, ടാങ്ക് നിറക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ലോഗ് ബുക്കിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

5. വാഹനങ്ങളുടെ റിപ്പയർ സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല.
6. KL 58 AA 2169 Tata Pickup ഹരിതകർമ്മസേന വാഹനത്തിന്റെ ലോഗ്ബുക്ക് 26-09-2025 ന് ശേഷം എഴുതിയിട്ടില്ല.

അപാകങ്ങൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/24-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യതയോടെ പരിപാലിക്കേണ്ടതും അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-21 100% പിരിവ് കൈവരിച്ചതിന് ജീവനക്കാർക്ക് പാരിതോഷികം – രേഖകൾ ലഭ്യമാക്കിയിട്ടില്ല, ₹97693 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയം ഭരണവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ കണ്ണൂരിന്റെ LSGD/JD/KNR/ 2524/2023-F5 തീയതി 01-07-2024 നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തികവർഷം 100% പിരിവ് കൈവരിച്ചതിന് ജീവനക്കാർക്ക് പാരിതോഷികം നൽകുന്നതിനായി വൗച്ചർ നമ്പർ 22400712/ 30-09-2024, ₹1,95,023/- ചെലവഴിച്ചിട്ടുണ്ട് (ഫയൽ നമ്പർ - 401076/GACW01/GPO/2024/5706).

മേൽ നടപടിക്രമത്തിൽ ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പാരിതോഷികം കൈപ്പറ്റുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ആകെ തുക അതത് സാമ്പത്തികവർഷം മാർച്ച് മാസത്തെ അടിസ്ഥാന ശമ്പളത്തിൽ നിജപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ ഭാഗികമായി ജോലിചെയ്ത താഴെ പറയുന്ന ജീവനക്കാർ പ്രസ്തുത സാമ്പത്തിക വർഷം ജോലി ചെയ്തിരുന്ന മറ്റ് പഞ്ചായത്തുകളിൽ പാരിതോഷികം കൈപ്പറ്റിയത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ക്രമ	പേര് തസ്തിക	ജോലി ചെയ്ത	സാക്ഷ്യപത്രം	03/2023 ലെ	അനുവദിച്ച

നമ്പർ		കാലയളവ്	ലഭ്യമാക്കേണ്ട കാലയളവ്	അടിസ്ഥാന ശമ്പളം	തുക
1	ലിസ കെ, ക്ലർക്ക്	01-04-2022 To 9-01-2023	10-01-2022 To 31-03-2023	30300	16,616
2	ജയിഷ പി കെ, ക്ലർക്ക്	1-4-2022 To 15-11-2022 21-11-2022 To 12-1-2023	16-11-2022 To 20-11-2022 13-1-2023 To 31-3-2023	32000	10,835
3	പ്രമോദ് വി, ക്ലർക്ക്	23-1-2023 To 31-3-2023	01-04-2022 To 22-01-2023	41,300	17,719
4	ബാലകൃഷ്ണൻ പി, ക്ലർക്ക്	25-01-2023 To 31-03-2023	01-04-2022 To 24-01-2023	50,200	21,447
5	സബിത കെ ഓഫീസ് അറ്റന്റൻഡ്	1-4-2022 To 23-01-2023	24-01-2023 To 31-03-2023	27,900	15,917
6	ഷീന കെ, ഓഫീസ് അറ്റന്റൻഡ്	1-4-2022 To 06-09-2022	07-09-2022 To 31-03-2023	26,500	3,240
7	ബിജു ഇ, ഓഫീസ് അറ്റന്റൻഡ്	25-1-2023 To 31-3-2023	01-04-2022 To 24-01-2023	27,900	11,919
	ആകെ				97693

ജീവനക്കാർ ജോലിചെയ്തിരുന്ന മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് പാരിതോഷികം കൈപ്പറ്റിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (48/26-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹97693 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 തെരുവ് വിളക്ക് പരിപാലനം-₹497800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ തെരുവ് വിളക്കുകളും (1900 LED തെരുവുവിളക്കുകൾ) ഒരു വർഷത്തേക്ക് പരിപാലിക്കുന്നതിനുള്ള എ എം സി ചെലവുകൾക്കായി 2023-24 ൽ തയ്യാറാക്കിയ പ്രൊജക്ടിന്റെ സ്പിൽ ഓവർ പ്രൊജക്ടാണിത്. നാല് ഘട്ടങ്ങളിലായി തുക അനുവദിക്കുന്ന തിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	186/25, തെരുവ് വിളക്ക് പരിപാലനം -എ എം സി വയ്ക്കൽ (സ്പിൽ ഓവർ)
അടങ്കൽ	₹497800 (തനത് ഫണ്ട്)
ചെലവ്	₹497800 ₹124450 ബിൽ നമ്പർ 171/24-9-2024 ₹124450 ബിൽ നമ്പർ 172/24-9-2024 ₹124450 ബിൽ നമ്പർ 173/24-9-2024 ₹124450 ബിൽ നമ്പർ 504/14-3-2025

ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവുവിളക്കുകളുടെയും ഒരു വർഷത്തെ പരിപാലനത്തിനായി ക്ഷണിച്ച ടെണ്ടർ പ്രകാരം ഡെക്കാൻ അസോസിയേറ്റ്സ്, മയ്യിൽ എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി കൈമാറിയിട്ടുള്ളത്. ഒരു എൽ ഇ ഡി ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് ക്വാട്ട് ചെയ്ത ₹262 എന്ന നിരക്കാണ് അംഗികരിച്ചിട്ടുള്ളത് (16-09-2023 ലെ 1/330/23

നമ്പർ തീരുമാനം). 1900 തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിന് ₹497800 വകയിരുത്തി മേല്പറഞ്ഞ ബിൽ പ്രകാരം സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2023-24വർഷത്തിൽ തുടക്കം കുറിച്ച പ്രോജക്ട് നമ്പർ65/24 ന്റെ അടങ്കൽ നിശ്ചയിക്കുന്നതിനായി കണക്കിലെടുത്ത പഞ്ചായത്തിലെ വിവിധ തരം തെരുവുവിളക്കുകളുടെ ഇനം, എണ്ണം എന്നിവ എത്രയെന്നും അവയുടെ പരിപാലനത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പരിശോധനക്കായി ലഭ്യമാക്കിയ കരാർ രേഖകളിൽ കരാർ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

3. വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന തെരുവു വിളക്കുകളുടെ എണ്ണവും തരവും കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. ഒന്ന്, രണ്ട്, മൂന്ന് ഘട്ടം പ്രവൃത്തികൾ പൂർത്തീകരിച്ച് ഡെക്കാൻ അസോസിയേറ്റ്സ് ലഭ്യമാക്കിയ തീയതി ചേർക്കാത്ത സർവ്വീസ് ബില്ലുകളുടെ (ബിൽ നമ്പർ 19, 43, 44) അടിസ്ഥാനത്തിൽ ₹1,24,450 വീതം ആകെ ₹373350 യും അവസാന ഘട്ടം പ്രവൃത്തി പൂർത്തീകരിച്ച് ലഭ്യമാക്കിയ 62-ാം നമ്പർ ബില്ലിന്റെ അടിസ്ഥാനത്തിൽ ₹1,24,450 യും ചേർത്ത് ആകെ ₹497800 സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ആദ്യ മൂന്നഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ തുക ഒറ്റത്തവണയായിട്ടാണ് നൽകിയിട്ടുള്ളത്. എത്ര ലൈറ്റുകൾ റിപ്പയർ ചെയ്ത എന്ന് സർവ്വീസ് ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ച് ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെ വിവരങ്ങൾ ലഭ്യമാകുന്ന രേഖകൾ/രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ജി-2-44274/2015 തീ. 17.08.2015 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് സൂക്ഷിച്ചിട്ടില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/19-11-2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ്, ആകെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, കെ.എസ്.ഇ.ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനറിപ്പോർട്ട് എന്നിവ ലഭ്യമാക്കാത്തതിനാൽ ₹497800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 മഴക്കാല പൂർവ്വ ശുചീകരണം- മുൻകൂർ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹1,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകൾക്കും ₹10,000 വീതം ആകെ ₹1,90,000 മഴക്കാല പൂർവ്വ ശുചീകരണത്തിനായി വൗച്ചർ നമ്പർ 22400145/20.5.24 പ്രകാരം വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (50/26-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെയും ചെലവ് രേഖകളുടെയും അഭാവത്തിൽ ₹1,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 കൗമാര ക്ലബ്ബിന് കസേരകൾ വാങ്ങി നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല, ₹19,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	103/25, കൈതേരി പുറക്കണ്ടി കൗമാര ക്ലബ്ബിന് കസേരകൾ വാങ്ങി നൽകൽ
അടങ്കൽ	₹20,000 തനത് ഫണ്ട്
ചെലവ്	₹19,600 ബിൽ നമ്പർ 586/24-03-2025

പഞ്ചായത്തിന്റെ കീഴിലുള്ള കൈതേരി പുറക്കണ്ടി കൗമാര ക്ലബ്ബിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കായി 40 കസേരകൾ വാങ്ങി നൽകുന്നതിന് ₹20,000 വകയിരുത്തി (ഒരു കസേരക്ക് ₹500 കണക്കാക്കി) തയ്യാറാക്കിയ മേൽപ്രൊജക്ടിൽ ക്വട്ടേഷൻ ക്ഷണിക്കുകയും പങ്കെടുത്ത മൂന്ന് സ്ഥാപനങ്ങളുടെ ക്വട്ടേഷനിൽ (ജീനിയസ് ബുക്ക്സ് മട്ടന്നൂർ, ബാലൻ നമ്പ്യാർ സ്റ്റോർസ് മട്ടന്നൂർ, റോയൽ എന്റർപ്രൈസസ് കണ്ണൂർ) ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജീനിയസ് ബുക്ക്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിച്ച് (@490) ഇൻവോയ്സ് നമ്പർ A-77/24-03-2025 പ്രകാരം 40 കസേരകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണവുമായി

ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ക്വട്ടേഷൻ പരസ്യം സെക്രട്ടറി അംഗീകരിച്ചിട്ടില്ല. ക്വട്ടേഷൻ പരസ്യപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ക്വട്ടേഷൻ പരസ്യത്തിലും ലഭ്യമാക്കിയ ക്വട്ടേഷനുകളിലും ജീനിയസ് ബുക്ക്സ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സിലും വാങ്ങാൻ ഉദ്ദേശിക്കുന്ന കസേരകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല (കൈയുള്ളത്/ കൈയില്ലാത്തത്).

3. സ്ഥാപനങ്ങൾ ലഭ്യമാക്കിയ ക്വട്ടേഷനുകളിൽ കസേരകളുടെ ബ്രാന്റ് നെയിം, മോഡൽ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല (ജീനിയസ് ബുക്സിന്റെ ക്വട്ടേഷനിൽ മാത്രം Plastoman Brand എന്ന് ചേർത്തിട്ടുണ്ട്).

4. നിർവ്വഹണ ഉദ്യോഗസ്ഥൻ ജീനിയസ് ബുക്ക്സ് എന്ന സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡർ ഫയലിൽ ലഭ്യമല്ല.

5. ഇൻവോയ്സ് നമ്പർ A-77/24-03-2025 പ്രകാരം വാങ്ങിയ40 കസേരകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും കൗമാരക്ലബ്ബ് അധികൃതർ ആയത് കൈപ്പറ്റി സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6. ജീനിയസ് ബുക്സ് എന്ന സ്ഥാപനം (Dealers In All Kinds Of School Books And Office Stationery) കസേരകൾ വിതരണം ചെയ്യാൻ അനുമതിയുള്ള സ്ഥാപനമാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7. ക്ലബ്ബ് രൂപീകരിച്ചതിന്റെയും ആയതിന്റെ ഭാരവാഹികളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.
മേല്പറഞ്ഞ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/19-11-2025) ഗ്രാമ പഞ്ചായത്ത് ആസ്തിയിലുൾപ്പെട്ട കൗമാരക്ലബ്ബിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ക്വട്ടേഷൻ ക്ഷണിച്ച് തയ്യാറാക്കിയ പ്രൊജക്ടാണെന്നും ജീനിയസ് ബുക്സിന്റെ ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ചതാണെന്നും (തീരുമാനം നമ്പർ 23/25, 24-01-2025) ആയത് പ്രകാരം 40 കസേരകൾ വാങ്ങിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 26-12-2025 ന് നടത്തിയ സ്ഥലപരിശോധനയിൽ കൈതേരി പുറക്കണ്ടി അംഗൻവാടി (സെന്റർ നമ്പർ 46) യുടെ മുകളിലെ ഒറ്റമുറി ഹാളിൽ പ്ലാസ്റ്റോമാൻ ബ്രാന്റ് സ്റ്റിക്കറുള്ള 30 കസേരകൾ മാത്രമാണ് ഉണ്ടായിരുന്നത്. കെട്ടിടത്തിലോ പരിസരത്തോ കൗമാരക്ലബ്ബിന്റെ പേര് രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിച്ചിട്ടില്ല. അവശേഷിക്കുന്ന 10 കസേരകൾ അടുത്തുള്ള മരണ വീട്ടിൽ കൊണ്ടുപോയതാണെന്നും ആയത് തിരികെ എത്തിച്ചിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. കസേരകൾ സ്ഥാപനത്തിലുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ₹19,600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല - ₹383198യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,
പ്രോജക്ട് നമ്പർ,പേര്	15/25,പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹792330 മെയിന്റനൻസ് ഫണ്ട് (റോഡിതരം) ₹7670 വികസന ഫണ്ട്
ചെലവ്,ബിൽ നമ്പർ, തീയതി	₹687000 , 548/21.03.25 ₹96002, 549/ 21.03.25

മേൽ പ്രൊജക്ട് പ്രകാരം മാങ്ങാട്ടിടം പി.എച്ച്.സിയിൽ മരുന്ന് വാങ്ങുന്നതിനായി ₹687000 കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം (പ്രൊഫോർമ ഇൻവോയിസ് നമ്പർ-4574/20.03.25) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ₹303802 യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമെ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകയുടെ (₹383198) മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20.11.2025) മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL അധികൃതരെ നിരന്തരമായി ബന്ധപ്പെടാറുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാകുന്ന മുറയ്ക്ക്

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുൻക്കൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ₹383198 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 പെയിൻ&പാലിയേറ്റീവ് കെയർ- മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല-₹268319 യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി എച്ച് സി
പ്രോജക്ട് നമ്പർ, പേര്	22/25, പെയിൻ&പാലിയേറ്റീവ് കെയർ
അടങ്കൽ ₹17,00,000	₹200000- തനത് ഫണ്ട് ₹1100000 വികസന ഫണ്ട് ₹200000- ബ്ലോക്ക് വിഹിതം ₹200000- ജില്ലാ പഞ്ചായത്ത് വിഹിതം
ചെലവ്	ആകെ ₹1518250

പി എച്ച് സി കളിലേക്ക് പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് തയ്യാറാക്കിയ മേൽ പ്രോജക്ടിൽ സാധനങ്ങൾ വാങ്ങുന്നതിനായി ബിൽ നമ്പർ 546/21-03-2025 (വികസന ഫണ്ട്) പ്രകാരം ₹142518യും സാങ്ഷൻ ഓർഡർ നമ്പർ584/12-2-25 പ്രകാരം ₹200000(ബ്ലോക്ക് ഷെയർ) യും റിക്വസിഷൻ നമ്പർ 5116000401240019/26.07.24 പ്രകാരം ₹200000യും(ജില്ലാ പഞ്ചായത്ത് ഷെയർ) കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. നാളിതുവരെ ലഭിച്ച മരുന്നിന്റ/ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	പ്രഫോർമ ഇൻവോയ്സ് നമ്പർ/തീയതി, തുക ₹	ഏറ്റവും അവസാനം ലഭിച്ച മരുന്നിന്റെ ഇൻവോയ്സ് നമ്പർ/ തീയതി, തുക ₹	ഇതുവരെ ലഭി ച്ച മരുന്നിന്റെ വില ₹	ലഭിക്കാൻ ബാ ക്കിയുള്ള മരു ന്നിന്റെ വില ₹
1	PRF 4575-,20.03.25 ₹142518	LF736/19-04-25, ₹5779	₹5779	₹136739
2	PRF-3328/ 29.01.25 ₹200000(	LF-8830/28.08.25, ₹1614.06	₹97165	₹102835
3	PRF 485-,03.07.24 ₹200000	LF-7603/21-07-25, ₹17920	₹169018	₹30982
T0tal	₹542518		₹271962	₹270556

KMSCL ന് കൈമാറിയ ₹542518-ൽ ₹274199 രൂപയുടെ പാലിയേറ്റീവ് കെയർ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചതിന്റ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹268319 യുടെ മരുന്നുകൾ/ഉപകരണങ്ങൾ ഇതിനോടകം ലഭിച്ചിട്ടുണ്ടെങ്കിൽ അസ്സൽ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ സഹിതം വിവരം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/22.11.2025) ₹268319 യുടെ മരുന്നുകൾ ലഭിക്കാനുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മുൻക്കൂർ തുക നൽകിയിട്ടും മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ₹268319 യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-27 വനിതകൾക്ക് കരാട്ടെ പരിശീലനം-മാർഗ്ഗരേഖയിലെ നിബന്ധന ലംഘിച്ച് പദ്ധതി നടഷിലാക്കി-26150 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ, പേര്	21/25, വനിതകൾക്ക് കരാട്ടെ പരിശീലനം
അടങ്കൽ	₹170000 വികസനഫണ്ട്
ചെലവ്	₹38676, (ബിൽ നമ്പർ – 602/25.03.2025)

ഗ്രാമ പഞ്ചായത്ത് പരിധിയിലെ കൗമാരക്കാരായ പെൺകുട്ടികളുടെ സ്വയംസുരക്ഷ ഉറപ്പാക്കുകയും ആത്മവിശ്വാസം വളർത്തുകയും ചെയ്യുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. മേൽ പ്രൊജക്ട് പ്രകാരം 26 കുട്ടികൾക്ക് 30 ദിവസം പരിശീലനം നൽകിയ വകയിൽ പരിശീലകനായ ശ്രീ. ബിജുകുമാറിന് ₹12000 രൂപയും യൂണിഫോം വാങ്ങിയ വകയിലും ₹4350-യും പരിശീലനത്തിൽ പങ്കെടുത്തവർക്ക് ഗ്രേഡിംഗ് ടെസ്റ്റ്, സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള ഫീസിനത്തിൽ ₹21800-യും ബാനറിന് 500 രൂപയും ലഘുഭക്ഷണത്തിന് 26 രൂപയും നൽകിയിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 4350 രൂപക്ക് യൂണിഫോം വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.
2. Blue, Orange, Yellow എന്നീ ഗ്രേഡ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി 26 കുട്ടികൾക്ക് യഥാക്രമം 900, 800, 700 എന്നീ നിരക്കിൽ ഫീസിനത്തിൽ ആകെ ₹21800 പരീശിലകന് നൽകിയിട്ടുണ്ട്. ഫീസിനത്തിൽ നൽകിയ തുകയുടെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (സ ഉ(കൈ)84/2022 തസ്വഭവ തീയ്യതി 19.04.2022) വനിതകൾക്ക് ജൂഡോ, കരാട്ടേ എന്നിവയിൽ പരിശീലനം നൽകുന്ന പ്രൊജക്ടുകൾ ഏറ്റെടുക്കാം (6.3.11) എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ പരിശീലനത്തിന് മാത്രമല്ലാതെ യൂനിഫോം വാങ്ങുന്നതിനും ഗ്രേഡിംഗ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള ഫീസിനത്തിലുമായി തുക ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിബന്ധന ലംഘിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (10/22.11.2025) ഇൻറർ നാഷണൽ മാർഷ്യൽ ആർട്സ് അക്കാദമി എന്ന സ്ഥാപനത്തിലെ ഇൻസ്ട്രകടറായ ശ്രീ ബിജുകുമാർ എൻ എന്ന വ്യക്തിക്കാണ് തുക കൈമാറിയിട്ടുള്ളതെന്നും മേൽ അപാകം ഇനി ആവർത്തിക്കില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിബന്ധന ലംഘിച്ച് പദ്ധതി നടപ്പിലാക്കിയത് കാരണം 26150 രൂപയുടെ (4350+21800) ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1–28 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ അധികം തുക അനുവദിച്ചു – അധികം നൽകിയ ₹2700 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ/ പേര്	12/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ	₹875000 -വികസന ഫണ്ട് -പൊതുവിഭാഗം ₹325000 – തനത് ഫണ്ട് ₹600000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹200000- ജില്ല പഞ്ചായത്ത് വിഹിതം ആകെ:₹2000000
ചെലവ്, BRN No	₹50600/ 24220452009501549251/15.03.2025 ₹200000/ 24220452009501457997/7.03.2025 ₹824400/24220452009501458016/07.03.2025 ₹600000/24220452009501107312/30.12.2024 ₹28500/ 718/19.03.2025(sanction Order No) ₹209400/ 699/15.03.2025(sanction Order No) ആകെ₹1912900

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് . ആയതിൽ ചുവടെ ചേർത്ത വിദ്യാർത്ഥിക്ക് 28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നമ്പർ 115/2022/തസ്വഭവ ഖണ്ഡിക 7.1.6 പ്രകാരം

നിശ്ചയിച്ച പരമാവധി തുകയേക്കാൾഅധികം ആനുകൂല്യം അനുവദിച്ചതായി കാണുന്നു.

ക്രമ നം	വിദ്യാർത്ഥിയുടെ പേര്/ അക്കൗണ്ട് നമ്പർ	ക്ലാസ്	അനുവദിച്ച തുക(₹)	മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന തുക(₹)	അധികം അനുവദിച്ചത് (₹)
1	ഗഫൂർ.പി പി 40657101027332	ശിശുമിത്ര ബഡ്സ് സ്കൂൾ(MR)	31200	28,500	2700

മേൽ പരാമർശിച്ച അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(51/26.11.2025)അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.അധികം നൽകിയ തുക 2025-26 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്ന തുകയിൽ ക്രമീകരിക്കുകയോ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുക ക്രമീകരിക്കാത്തിനാൽ അധികം നൽകിയ ₹2700 തടസ്സപ്പെടുത്തുന്നു.

1-29 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹32249/- തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

I. പ്രോജക്ട് :294/25 (സ്പിൽ ഓവർ) പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ	₹21750/- (വികസന ഫണ്ട്- എസ്.സി.പി)
ചെലവ്	₹20249 (ബിൽ നം 182/08.10.2024)

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട അഞ്ച് ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . സിഡ്കോവിൽ നിന്ന് നേരിട്ടാണ് കട്ടിൽ വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് നം. KNR/23-24/311 Dtd 23.03.20124 പ്രകാരം യൂണിറ്റ് വില ₹3432 + 18% GST യുള്ള ആഞ്ഞലി മരത്തിൽ നിർമ്മിച്ച 1.98 M X 90cm, Front Leg 60 Cm, Back Leg 50cm ,8mm Plywood On Top സ്പെസിഫിക്കേഷനുള്ള കട്ടിലാണ് വാങ്ങിയിട്ടുള്ളത് . പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1.സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 28.05.2015 ലെ ജി.ഒ (ആർടി) 26/2015/ എസ്.പി.ഡി നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ച വിലയും സ്പെസിഫിക്കേഷനുമുള്ള സാധനങ്ങൾ മാത്രമേ ടെണ്ടർ നടപടികളില്ലാതെ വാങ്ങാൻ സാധിക്കുകയുള്ളൂ. എന്നാൽ വാങ്ങിയ സാധനം ഈ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.

2. പട്ടിക ജാതി വകുപ്പിൽ നിന്ന് ഈ പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കട്ടിൽ ലഭിച്ചിട്ടില്ല എന്നുള്ളതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3. കട്ടിൽ നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടില്ല

II. പ്രോജക്ട് :139/25 പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ	₹12000/- (വികസന ഫണ്ട്- എസ്.സി.പി) ₹5250/- (തനത് ഫണ്ട്)
ചെലവ്	₹12000 (ബിൽ നം 593/ 25.03.2025)

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട അഞ്ച് ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1. കട്ടിൽ വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എത്ര കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമല്ല.

2. പട്ടിക ജാതി വകുപ്പിൽ നിന്ന് ഈ പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കട്ടിൽ ലഭിച്ചിട്ടില്ല എന്നുള്ളതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3. കട്ടിൽ നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. ഫയലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം രതി എ കെ എന്ന ഗുണഭോക്താവ് പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളാണ്.

4.മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടില്ല .

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 44/26.11.2025 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.സി.പി ഫണ്ട് വിനിയോഗിച്ച് പട്ടിക വർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹32249/- (20249 + 12000) തടസ്സപ്പെടുത്തുന്നു.

1-30 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക ₹228250 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് :	138/25 പട്ടികജാതി വിദ്യാർത്തികൾക്ക് പഠനമുറി
അടങ്കൽ - ₹400000/-	₹228250/- (വികസന ഫണ്ട്- എസ്.സി.പി) ₹171750 (തനത് ഫണ്ട്)
ചെലവ് - ₹228250 /-	₹60000 (ബിൽ നം 395/07.02.2025) ₹60000 (ബിൽ നം 558/21.03.2025) ₹108250 (ബിൽ നം 567/22.03.2025)

രണ്ട് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ₹200000 വീതം ആകെ ₹400000 അടങ്കൽ വെച്ചാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു

ഗുണഭോക്താവിന്റെ പേര്	തുക	ഗഡു
കവിത എ M/O ധ്യാൻ തേജ് പ്രവി എ	30000.00	I (മുൻകൂർ)
	60000.00	II
	80000.00	III
ഉഷ കെ, M/O തപസ്വിനി ശിവകൃഷ്ണ എ എസ്	30000.00	I (മുൻകൂർ)
	28250.00	II

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

1. നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ അധികരിക്കുന്നില്ല എന്നുള്ളതിന്റെ സാക്ഷ്യപത്രം

2. പഠന മുറിയുടെ പ്ലാൻ, എസ്റ്റിമേറ്റ്

3. പട്ടിക ജാതി വകുപ്പിൽ നിന്നും പഠനമുറിക്ക് ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ളതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം

4. ഗുണഭോക്താക്കളുമായി നിർവഹണ ഉദ്യോഗസ്ഥൻ ചമച്ച കരാർ.

5. നിർവഹണോദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട്.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 43/25.11.2025 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹228250 തടസ്സപ്പെടുത്തുന്നു

1-31 ബാല സഭാ പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹19000 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ, പേര്	175/25 - ബാല സഭാ പ്രവർത്തനങ്ങൾ
അടങ്കൽ	₹19000 (വികസന ഫണ്ട്- സാധാ)
ചെലവ്	₹19000 (ബിൽ നം. 594/25.03.2025)

പഞ്ചായത്തിലെ 19 വാർഡുകളിലെ ബാലസഭാ പ്രവർത്തനങ്ങൾക്ക് , ചായ, ലഘുഭക്ഷണം എന്നിവ വിതരണം ചെയ്ത വകയിൽ തൃപ്തി ഫുഡ് കാറ്ററിംഗ് സർവ്വീസ് എന്ന കുടുംബശ്രീ സംരംഭത്തിന്റെ സെക്രട്ടറിയായ ഷീമ മോൾ എന്നവരുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത് .

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി, ധനസഹായം മാർഗ്ഗരേഖ (സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022) ഖണ്ഡിക 7-7-10 (I) പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിലെ ബാലസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കണം എന്നും ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് ₹1000 നൽകണം എന്നും (Ii) പ്രകാരം ബാലസഭ, ലൈബ്രറികളുടെ ബാലവേദി തുടങ്ങിയ കമ്മിറ്റികളുടെ പഞ്ചായത്ത് കമ്മിറ്റിയുണ്ടാക്കി അതിന്റെ കീഴിൽ കലാകായിക മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്താവുന്നതാണ്. ഇതോടൊപ്പം നാടൻ കലാരൂപങ്ങൾ എന്നിവയെയും പ്രോത്സാഹിപ്പിക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിലുള്ള ഏത് പ്രവർത്തനം നടത്തിയതിനാണ് ചായ, ലഘുഭക്ഷണം വിതരണം നടത്തിയത് എന്നതിനുള്ള രേഖകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 45/26.11.2025 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹19000/- തടസ്സപ്പെടുത്തുന്നു.

1-32 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നൽകൽ -രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹20000 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ, പേര്	140/25 - പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നൽകൽ
അടങ്കൽ	₹20000 (വികസന ഫണ്ട് - എസ്. സി .പി) ₹1000 (തനത് ഫണ്ട്) ₹7000 (ഗുണഭോക്തൃ വിഹിതം)
ചെലവ്	₹15000 (ബിൽ നം 594/25.03.2025) ₹5000 (വൗച്ചർ നം. 22401853 Dtd31.03.2025)

ഏഴ് കുടുംബങ്ങൾക്ക് ₹4000 വില വരുന്ന വാട്ടർ ടാങ്ക് വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എ.കെ. ഹാർഡ് വേർസ് ആന്റ് ഇലക്ട്രിക്കൽസ്, കണ്ടംകുന്ന് എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം. B24649 Dtd 24.03.2025 പ്രകാരം ₹20000 ന് അഞ്ച് വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. വാട്ടർ ടാങ്ക് വാങ്ങുന്നതിന് ക്ഷണിച്ച ക്വട്ടേഷൻ വിവരങ്ങൾ, അവ ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളായ കവിത എ, ലിജിൻരാജ് ടി, പ്രജീഷ് വി എന്നിവരുടെ അർഹത തെളിയിക്കുന്ന രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഇതിൽ പ്രജീഷ് എന്നവരുടെ കൈപ്പറ്റ് മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ. വാട്ടർ ടാങ്ക് ലഭിച്ച മുഴുവൻ ഗുണഭോക്താക്കളുടെയും കൈപ്പറ്റ്, അർഹതാ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. പതിനാലാം പദ്ധതി സബ്സിഡി, ധനസഹായം മാർഗ്ഗരേഖ ഖണ്ഡിക 6-6-5 പ്രകാരം പട്ടികജാതിക്കാർക്ക് പരമാവധി നൽകാവുന്ന സബ്സിഡി 75% ആണ്. ഗുണഭോക്തൃ വിഹിതം തദ്ദേശഭരണ സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിലവിൽ ടാങ്കുള്ളവർക്കും, ഒരിക്കൽ നൽകിയവർക്കും നൽകാൻ പാടില്ല. 2022-23, 2023-24 വാർഷിക പദ്ധതികളിലും വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നം 113/22-23, 49/2023-24). പ്രസ്തുത പ്രോജക്ടുകൾ പ്രകാരം വാട്ടർ ടാങ്ക് നൽകിയ ഗുണഭോക്താക്കളുടെ വിവരം അടങ്ങിയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

5. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടില്ല.

അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 45/26.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹20000 തടസ്സപ്പെടുത്തുന്നു.

1–33 കേരളോത്സവം – രേഖകൾ ലഭ്യമാക്കിയില്ല – ചെലവ് തുക ₹97090/– തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട്	349/25 - കേരളോത്സവം -
അടങ്കൽ	₹150000/- (തനത് ഫണ്ട്)
ചെലവ്	₹51860 /- (ബിൽ നം 325/20.12.2024) ₹45230- (ബിൽ നം. 333/28.12.2024)

കേരളോത്സവം കായിക മേള നടത്തിയതിനുള്ള ചെലവുകളാണ് പ്രോജക്ട് വഴി നടപ്പിലാക്കിയത്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

1, വിവിധ കായിക ഇനങ്ങളിലുള്ള ഒഫീഷ്യൽസിനെ തിരഞ്ഞെടുത്തതിന്റെ വിവരങ്ങൾ.

2. സ്പോർസ് വേൾഡിൽ നിന്ന് ഫുട്ബോൾ, ക്രിക്കറ്റ് ബോൾ, ട്രോഫികൾ എന്നിവ വാങ്ങുന്നതിന് ക്ഷണിച്ച ക്വട്ടേഷനുകൾ.

3. ഭക്ഷണ വിതരണത്തിന് ക്ഷണിച്ച ക്വട്ടേഷനുകൾ

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 47/26.11.2025 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹97090/- തടസ്സപ്പെടുത്തുന്നു

1–34 തുടർ സാക്ഷരത – രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക 29400 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	37/25, തുടർസാക്ഷരത
അടങ്കൽ	₹29400 (വികസന ഫണ്ട് പൊതുവിഭാഗം)
ചെലവ്	₹29400 (വികസന ഫണ്ട് പൊതുവിഭാഗം) 473 / 10.03.2025

എഴ്, +1, +2 ക്ലാസുകളിൽ പഠനം പൂർത്തിയാക്കാൻ പറ്റാത്തവർക്കും വിവിധ കാരണങ്ങളാൽ പഠനം മുടങ്ങിപ്പോയവർക്കും തുല്യത പഠനത്തിനുള്ള അവസരം സൃഷ്ടിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 6 പഠിതാക്കൾക്ക് +1 തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസിനത്തിൽ ആളൊന്നിന് 100 രൂപ വെച്ച് 600 രൂപ, അഡ്മിഷൻ ഫീസിനത്തിൽ ആളൊന്നിന് 200 രൂപ വെച്ച് 1200 രൂപ, കോഴ്സ് ഫീസിനത്തിൽ ആളൊന്നിന് 2300 രൂപ വെച്ച് 13800 രൂപയും, +2 തുല്യത കോഴ്സിന്റെ ഫീസിനത്തിൽ ഒരു പഠിതാവിന് 2300 രൂപ വെച്ച് 6 പഠിതാക്കൾക്ക് 13800 രൂപയും എന്ന നിരക്കിൽ ആകെ 12 പേർക്ക് 29400 രൂപ ഡയറക്ടർ കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.
എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷ, പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച രേഖകൾ, പ്രസ്തുത ലിസ്റ്റിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുന്ന അപേക്ഷകൾ എന്നിവ ഫയലിൽ ലഭ്യമല്ല.
മേൽ രേഖകൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/20.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹29,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–35 പത്താമുദയം – രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക 23400 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	40/25, പത്താമുദയം
അടങ്കൽ	₹40000 (തനത് ഫണ്ട്)
ചെലവ്	₹23400 (തനത് ഫണ്ട്) 450 / 08.03.2025

പഞ്ചായത്ത് പരിധിയിലെ 10-ാം തരം പാസ്സാവാത്തവരെ സർവേയിലൂടെ കണ്ടെത്തി പത്താം തരം തുല്യത

പരീക്ഷയിലൂടെ പാസ്സാക്കി സമ്പൂർണ്ണ സെക്കൻഡറി വിദ്യാഭ്യാസം നേടുന്ന പഞ്ചായത്ത് ആയി മാറുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 12 പഠിതാക്കൾക്ക് പത്താം തരം തുല്യത കോഴ്സ് ഫീസായി ആളൊന്നിന് 1950 രൂപ വെച്ച് 23400 രൂപ ഡയറക്ടർ കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷ, പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച രേഖകൾ, പ്രസ്തുത ലിസ്റ്റിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഉണ്ടായിരുന്നോ എന്ന വിവരവും ലഭ്യമല്ല. മേൽ രേഖകൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/20.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹23,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 എസ്.ടി. വിഭാഗങ്ങൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ – രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക 5000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	52/25, എസ്.ടി. വിഭാഗങ്ങൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ
അടങ്കൽ	₹25000 (തനത് ഫണ്ട്)
ചെലവ്	₹5000 (തനത് ഫണ്ട്) 554 / 21.03.2025

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനു വേണ്ടി രൂപീകരിച്ചതാണ് പ്രസ്തുത പ്രൊജക്ട്. പദ്ധതിയുടെ ഭാഗമായി സിഡ്കോയിൽ നിന്നും ഇൻവോയിസ് നമ്പർ KNR/24-25/249 തീ:19.03.2025 പ്രകാരം 5000 രൂപ വില വരുന്ന ഒരു മേശയും കസേരയും വാങ്ങിയിട്ടുണ്ട്. കൈതേരി വെസ്റ്റ് എൽ.പി.സ്കൂളിലെ നാലാം തരം വിദ്യാർത്ഥിനി നന്ദിത പ്രകാശ് എന്ന ഗുണഭോക്താവിന് പഠന മേശയും കസേരയും കൈമാറിയതായി രേഖകളിലുണ്ട്. എന്നാൽ താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1) ഫർണിച്ചറുകൾ കൈപ്പറ്റിയ വിദ്യാർത്ഥിക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നത് സംബന്ധിച്ച സാക്ഷ്യപത്രം.

2) ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്.

മേൽ രേഖകൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/20.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹5,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 ഉയരുക നാം – കായിക മേള സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക 92800 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	332/25, ഉയരുക നാം
അടങ്കൽ	₹100000 (തനത് ഫണ്ട്)
ചെലവ്	₹99800 (തനത് ഫണ്ട്) ₹92800 – 390 / 05.02.2025 ₹7000 – 423 / 27.02.2025

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ 18 വയസ്സുവരെയുള്ള കുട്ടികളുടെ സർഗ്ഗശേഷി കണ്ടെത്തലും വികസിപ്പിക്കലും, കുട്ടികളിൽ ശാസ്ത്രബോധം വളർത്തുകയും, കുട്ടികളെ ലൈംഗികാതിക്രമങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും, പൗരബോധം വളർത്തുകയും, പരിസ്ഥിതി ബോധം വളർത്തുകയും, സാമൂഹിക പ്രതിബദ്ധത രൂപപ്പെടുത്തുകയും, കലാകായിക ശേഷികൾ വികസിപ്പിക്കുകയും, വ്യക്തിത്വ വികസനം, ഭരണഘടനയെ കുറിച്ച് സാമാന്യ ജ്ഞാനം വളർത്തിയെടുക്കൽ, വിശ്വ മാനവികത വളർത്തുക എന്നതൊക്കെയാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യം വെക്കുന്നത്. ഇതിന്റെ ഭാഗമായി ജി.എച്ച്.എച്ച്.എസ്.മമ്പറത്ത് വെച്ച് 30.01.2025-ന് സ്കൂൾ കായികമേള നടത്തിയിട്ടുണ്ട്. കായികമേളയോട് അനുബന്ധിച്ച് താഴെ പറയുന്ന ചെലവിനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

എ) കായക മേള ഒഫീഷ്യലുകൾക്ക് നൽകിയത് 16000 രൂപ, (ബി) കുട്ടികൾക്ക് ട്രോഫി/മെഡിലുകൾ വാങ്ങിയ വകയിൽ സ്പോർട്സ് വേൾഡ് കൂത്തുപറമ്പ് എന്ന സ്ഥാപനത്തിന് നൽകിയത് 24600 രൂപ, (സി) കായിക മേള ദിവസം ഉച്ചഭക്ഷണം നൽകിയതിന് ശ്രീമതി ജയശ്രീ സി.കെ. എന്നവർക്ക് 45200 രൂപ, (ഡി) ലൈറ്റ് ആന്റ് സൗണ്ട് 7000 രൂപ, (ഇ) 12.01.2025-ന് ഏകദിന ശിൽപ്പശാലയിൽ ഭക്ഷണം നൽകിയതിന് ശ്രീമതി ജയശ്രീ സി.കെ. എന്നവർക്ക് 7000 രൂപ. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പ് കായികമേള വർഷാവർഷം നടത്തുമ്പോൾ പഞ്ചായത്ത്

തലത്തിൽ ഇങ്ങനെയൊരു കായികമേള സംഘടിപ്പിച്ചതിൻറെ കാരണം വ്യക്തമല്ല.

2. കായികമേളയുടെ നടത്തിപ്പിനായി താഴെ പറയുന്ന ഒഫീഷ്യലുകളുടെ സേവനം സ്വീകരിക്കുകയും അവർക്ക് 2000 രൂപ വെച്ച് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
I) രാജേഷ് കുമാർ
Ii) ലക്ഷ്മണൻ
Iii) ഷാജി.കെ.
Iv) ബിജു സി.
V) റെനീഷ് കെ.
Vi) ബാലകൃഷ്ണൻ എ.
Vii) നിതിൻ എം.
Viii) മുകുന്ദൻ എം.
മേല്പറഞ്ഞ ഒഫീഷ്യലുകളുടെ യോഗ്യതകൾ സംബന്ധിച്ച വിവരം, ഇവരെ തെരഞ്ഞെടുത്തതിന്റെ നടപടികൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. കായിക മേള വിജയികൾക്ക് നൽകാൻ സ്പോർട്സ് വേൾഡ് കുത്തുപറമ്പിൽ നിന്നും ₹24,600-യ്ക്ക് മെഡലുകൾ / ട്രോഫികൾ ക്വട്ടേഷൻ നടപടികൾ വഴി വാങ്ങിയിട്ടുണ്ട്. മെഡലുകൾ / ട്രോഫികൾ എന്നിവ സ്റ്റോക്കിൽ എടുത്തതിൻറെയും കുട്ടികൾക്ക് സമ്മാനം നൽകിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. കായിക മേളയിൽ പങ്കെടുത്തവർക്ക് ഭക്ഷണ വിതരണം നടത്തിയ വകയിൽ ശ്രീ.ജയശ്രീ.വി.കെ എന്നവർക്ക് 45200 രൂപ നൽകിയിട്ടുണ്ട്. ഭക്ഷണ വിതരണത്തിനായി മേൽപറഞ്ഞ വ്യക്തിയെ തെരഞ്ഞെടുത്തതിന്റെ നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഭക്ഷണ വിതരണത്തിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
5. കായക മേളയുമായി ബന്ധപ്പെട്ട് ലൈറ്റ് ആന്റ് സൗണ്ട് ഇനത്തിൽ 7000 രൂപ ചെലവഴിച്ചിട്ടുണ്ട്.
മേൽ രേഖകൾ/വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/20.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹92,800 യുടെ (16000+24600+45200+7000) ചെലവ് തടസ്സപ്പെടുത്തുന്നു.

1–38 ബാല സൗഹൃദ പഞ്ചായത്ത് – കളരി, ഫുട്ബോൾ പരിശീലനം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക 184650 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	45/25, ബാല സൗഹൃദ പഞ്ചായത്ത്
അടങ്കൽ	₹200000 (വികസന ഫണ്ട് പൊതുവിഭാഗം)
ചെലവ്	₹200000 (വികസന ഫണ്ട് പൊതുവിഭാഗം) ₹31200 – 298 / 18.12.2024 ₹25930 – 329 / 23.12.2024 ₹92840 – 449 / 08.03.2025 ₹50030 – 519 / 17.03.2025

സമൂഹത്തിൽ ബാല സൗഹൃദ മനോഭാവം വളർത്തിയെടുക്കുന്നതിനും, പ്രായോഗിക ജീവിതാനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും ജീവിത പ്രതിസന്ധികളിൽ തളരാതെ പതറാതെ മുന്നോട്ട് പോകുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനും, സ്വാശ്രയ ശീലം, അതിജീവന ശേഷി തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനും, ആത്മ വിശ്വാസത്തോടെ കുട്ടികൾക്ക് സമൂഹത്തിൽ ഇടപഴകാൻ സാധിക്കുന്നതിനും, കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന സർഗ്ഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതും ഒക്കെ ലക്ഷ്യം വെച്ച് രൂപീകരിച്ചതാണ് പ്രസ്തുത പ്രൊജക്ട്. ഇതിൻറെ ഭാഗമായി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും, കായിക ക്ഷമത വർദ്ധിപ്പിക്കാനും ഉതകുന്ന തരത്തിലുള്ള പരിശീലന പദ്ധതികൾ എന്ന രീതിയിൽ ഫുട്ബോൾ പരിശീലനവും, ആയോധനമുറയായ കളരി പരിശീലനവും പ്രോജക്ട് വഴി നടപ്പിലാക്കിയിട്ടുണ്ട്. നവംബർ, ഡിസംബർ, ജനുവരി എന്നീ 3 മാസങ്ങളിലായാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്.

പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
1. ഏതൊക്കെ സ്കൂളുകളിൽ നിന്നും എത്ര കുട്ടികൾ വീതം പരിശീലനത്തിന് പങ്കെടുത്തിട്ടുണ്ടെന്നും, പദ്ധതിയിലേക്ക്

കുട്ടികളെ തെരഞ്ഞെടുത്തതിന്റെ നടപടി ക്രമങ്ങൾ സംബന്ധിച്ച വിവരവും ഇടങ്ങിയവ ഫയലിൽ ലഭ്യമല്ല.
2. കളരി പരിശീലകനായ ശ്രീ.സജീവൻ പി. ഫുട്ബോൾ പരിശീലകനായ ശ്രീ.ഗിരീശൻ.ബി.വി. എന്നിവർക്ക് ₹700/ ദിവസം എന്ന രീതിയിൽ താഴെ ചേർത്ത പ്രകാരം വേതനം നൽകിയിട്ടുണ്ട്.

ഇനം	മാസം	ദിവസങ്ങൾ	നൽകിയ തുക (₹)
ഫുട്ബോൾ (ഗിരീശൻ. ബി.വി)	നവംബർ	28	12230
	ഡിസംബർ	27	18900
	ജനുവരി	27	18900
	ആകെ		**50030**
കളരി (സജീവൻ പി)	നവംബർ	26	18200
	ഡിസംബർ	26	18200
	ജനുവരി	26	-
	ആകെ		**36400**

എന്നാൽ പരിശീലകർക്ക് വേതനം നിർണ്ണയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. പരിശീലകരെ തിരഞ്ഞെടുത്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
4. പ്രൊജക്ട് രൂപീകരണ ഫോം 3 സെക്ഷൻ E പ്രകാരം രൂപീകരണ പ്രക്രിയയിൽ ഒരോ പ്രവർത്തനങ്ങൾക്കും ചെലവഴിക്കേണ്ട തുക വിലയിരിത്തിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് കല, പ്രവൃത്തി പരിചയ പോഷണ ശില്പശാല എന്ന പ്രവർത്തനത്തിന് 60000 രൂപയും, കളരി പരിശീലനത്തിന് 120000 രൂപയും, ഫുട്ബോൾ-ഹോക്കി-വോളീബോൾ പരിശീലനത്തിന് 20000 രൂപയും ആണ് വിലയിരിത്തിയിട്ടുള്ളത്. എന്നാൽ സമർപ്പിച്ച രേഖകൾ പ്രകാരം പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് ലഘു ഭക്ഷണം നൽകിയ വകയിൽ താഴെ പറയും പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.
പ്രേമൻ ചെങ്ങറ = ₹23580
₹13000 – കളരി നവംബർ – 25 കുട്ടികൾ * 26 ദിവസം * 20 രൂപ
₹10580 – ഫുട്ബോൾ നവംബർ – 23 കുട്ടികൾ * 23 ദിവസം * 20 രൂപ
മഹിജ & ജയശ്രീ.സി.കെ. = ₹74640
₹18720 – കളരി ഡിസംബർ – 36 കുട്ടികൾ * 26 ദിവസം * 20 രൂപ
₹19440 – ഫുട്ബോൾ ഡിസംബർ – 36 കുട്ടികൾ * 27 ദിവസം * 20 രൂപ
₹16500 – കളരി ജനുവരി – 33 കുട്ടികൾ * 25 ദിവസം * 20 രൂപ
₹19980 – ഫുട്ബോൾ ജനുവരി – 37 കുട്ടികൾ * 27 ദിവസം * 20 രൂപ)
ആകെ – ₹98220

പ്രൊജക്ട് രൂപീകരണ വേളയിൽ വകയിരുത്തിയ തുകയിൽ നിന്നും വ്യതിചലിക്കാൻ ഇടയായ കാരണവും ലഘു ഭക്ഷണ വിതരണത്തിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.
മേൽ രേഖകൾ/വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/20.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹1,84,650 യുടെ (₹86430 പരിശീലകർക്ക് വേതനം + ₹98220 ലഘു ഭക്ഷണം) ചെലവ് തടസ്സപ്പെടുത്തുന്നു.

1–39 വിവിധ വാർഡുകളിൽ പുതിയ മിനി എം സി എഫ് സ്ഥാപിക്കൽ – സ്റ്റോക്ക് സൂക്ഷിക്കുകയോ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല –ചെലവ് ₹3146511 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ, പേര്	211/25, വാർഡുകളിൽ പുതിയ മിനി എം സി എഫ് സ്ഥാപിക്കൽ 30 എണ്ണം (സ്പിൽ ഓവർ)
അടങ്കൽ	₹3850000 ₹100000 (തനത് ഫണ്ട്) ₹3750000 (കോർപ്പറേഷൻ ഫണ്ട്)

ചെലവ്	₹3146511 (കോർപ്പറേഷൻ ഫണ്ട് – വൗച്ചർ നം. 22401456 Dtd 31.01.2025)

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനി എം സി എഫ് സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എം സി എഫ് എവിടെ ഒക്കെ സ്ഥാപിച്ചിട്ടുണ്ട് എന്നുള്ളതിന്റെയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/22.11.2025 നുള്ള മറുപടിയിൽ പഞ്ചായത്ത് മിനി എം സി എഫ് സ്ഥാപിക്കാനുദ്ദേശിക്കുന്ന 25 സ്ഥലങ്ങളുടെ പ്രസിഡണ്ട് ലഭ്യമാക്കിയ പട്ടികയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയുമാണ് ലഭ്യമാക്കിയത് .

